വടക്കാഞ്ചേരി ബസ്സ്റ്റാന്റിന് ഭൂമി

82. [847] ശ്രീ. എ.സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരിയിൽ പോലീസ് വകുപ്പിന്റെ സ്ഥലം വികസനാവശ്യത്തിനായി വിട്ടുകിട്ടണം എന്ന വടക്കാഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ നിവേദനം സർക്കാരിന് ലഭിച്ചിട്ടുണ്ടോ ;

(ബി) പകരം ഭൂമി നൽകാം എന്ന പഞ്ചായത്തിന്റെ തീരുമാനം കണക്കിലെടുത്ത് പഞ്ചായത്ത് ബസ്സ്റ്റാന്റ് വികസനത്തിന് ഭൂമി വിട്ടുകൊടുക്കാൻ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രസ്തുത തീരുമാനം സംബന്ധിച്ച് പഞ്ചായത്തിന്റെ ഭാഗത്തുനിന്നും നടപടികളൊന്നും ഉണ്ടായിട്ടില്ല. ഇവിടെ പോലീസ് ക്വാർട്ടേഴ്സിന്റെ പണികൾ 60% ഇതിനകം പൂർത്തിയായിട്ടുണ്ട്. കോടതിയിൽ നിന്നുള്ള താൽക്കാലിക നിരോധനം മൂലം ക്വാട്ടേഴ്സിന്റെ പണി ഇപ്പോൾ നിർത്തിവെച്ചിരിക്കുകയാണ്. വിഷയം ഹൈക്കോടതിയുടെ പരിഗണനയിലാണ്.

ബേപ്പൂർ കോസ്റ്റ് ഗാർഡ് സ്റ്റേഷൻ

83. [848] ശ്രീ. വി.കെ.സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബേപ്പൂരിലെ കോസ്റ്റ് ഗാർഡ് സ്റ്റേഷൻ സ്ഥാപിക്കുന്നതിനായി ഇതേവരെ നടത്തിയ പ്രവർത്തനങ്ങൾ വ്യക്തമാക്കാമോ ;

(ബി) കോസ്റ്റ് ഗാർഡിന് ആവശ്യമായ ഭൂമിയും കെട്ടിടങ്ങളും കൈമാറിയിട്ടുണ്ടോ, എങ്കിൽ കൈമാറ്റം നടത്തിയ തീയതി വെളിപ്പെടുത്താമോ ;

(സി) ഈ സ്റ്റേഷൻ യാഥാർത്ഥ്യമാക്കുന്നതിന് ഇനിയെന്തെല്ലാം പ്രവൃത്തികൾ കൂടി നടത്തേണ്ടതുണ്ട് എന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ബേപ്പൂർ കോസ്റ്റ് ഗാർഡ് സ്റ്റേഷൻ സ്ഥാപിക്കുന്നതിനായി ഫിഷറീസ് വകുപ്പിന്റെ അധീനതയിലുണ്ടായിരുന്ന 3.94 ഏക്കർ സ്ഥലം കൈമാറി നൽകുവാൻ ജി.ഒ. (എം.എസ്) 383/2004/റവന്യൂ നമ്പർ ഉത്തരവ് പ്രകാരം സർക്കാർ ഉത്തരവായി.

(ബി & സി) വിവരം ശേഖരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly